പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 46 | 13-10-2026-ൽ മറുപടിയ്ക്ക്

<u>വൈദ്യുതി പ്രതിസന്ധി</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. എം. എം. നസീർ

ശ്രീമതി ഉമ തോമസ്

ശ്രീ. സേനാപതി വേണു

ശ്രീ. വി. ടി. സൂരജ്

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. സണ്ണി ജോസഫ്

(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തുണ്ടായ വൈദ്യുതി പ്രതിസന്ധിയുടെ യഥാർത്ഥ കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

<u>മറുപടി:</u> മുൻവർഷങ്ങളെ അപേക്ഷിച്ച് വൈദ്യുതി ആവശ്യകതയിലും ഉപഭോഗത്തിലുമുണ്ടായ അസാധാരണമായ വർധനവും, ജലസംഭരണിയിലേക്കുള്ള നീരൊഴുക്കിലുണ്ടായ ഗണ്യമായ കുറവും, ദേശീയ വൈദ്യുതി വിപണിയിൽ ആവശ്യത്തിന് അധിക വൈദ്യുതി ലഭ്യമാകാതിരുന്നതുമാണ് 2026-ൽ സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്നതിന്റെ പ്രധാന കാരണങ്ങൾ.

കഴിഞ്ഞ പത്ത് വർഷങ്ങളിൽ ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ കേരളത്തിലെ പരമാവധി വൈദ്യുതി ആവശ്യകത പൊതുവെ 3,500 മുതൽ 4,500 മെഗാവാട്ട് വരെയായിരുന്നു. 2025 സെപ്റ്റംബറിൽ പരമാവധി ആവശ്യകത 4,480 മെഗാവാട്ട് ആയിരുന്നെങ്കിൽ, 2026 സെപ്റ്റംബറിൽ പരമാവധി വൈദ്യുതി ആവശ്യകത 5639 മെഗാവാട്ട് വരെ ആയി ഉയർന്നിരുന്നു. കഴിഞ്ഞ പത്ത് വർഷത്തിനിടയിലെ സെപ്റ്റംബർ മാസത്തെ ഏറ്റവും ഉയർന്ന ആവശ്യകതയാണിത് . മുൻവർഷങ്ങളിൽ കെ.എസ്.ഇ.ബി ലിമിറ്റഡ് സാധാരണയായി കൈകാര്യം ചെയ്തിരുന്ന 4,000-4,400 മെഗാവാട്ട് ആവശ്യകതയുമായി താരതമ്യം ചെയ്യുമ്പോൾ 1,200 മെഗാവാട്ടിലധികം അധികവൈദ്യുതിയാണ് ആവശ്യമായി വന്നത്.

ദീർഘകാല കരാർ വഴി ലഭ്യമായിക്കൊണ്ടിരുന്ന 465 മെഗാവാട്ട് വൈദ്യുതി കരാറുകൾ റദ്ദാക്കപ്പെട്ടതും 2026 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ പിന്നീട് (2026 ജൂലൈ മുതൽ സെപ്റ്റംബർ വരെ) തിരികെ നൽകാമെന്ന വ്യവസ്ഥയിൽ (swap arrangement) വാങ്ങിയ വൈദ്യുതി തിരിച്ച് നൽകേണ്ട ബാധ്യതയും പ്രതിസന്ധിയ്ക്ക് കാരണമായി. ദീർഘകാല കരാറുകളിൽ 465 മെഗാവാട്ട് തുടർന്നും ലഭിച്ചിരുന്ന എങ്കിൽ സ്വാപ് അറേഞ്ച്മെന്റ് മുഖേനയുള്ള വൈദ്യുതി ഏപ്രിൽ, മെയ് മാസങ്ങളിൽ വാങ്ങുന്നത് ഒഴിവാക്കാൻ കഴിയുമായിരുന്നു.

എന്നാൽ 2026-ൽ വൈദ്യുതി ആവശ്യകത വർധിച്ച അതേ സമയത്ത്, സംസ്ഥാനത്തെ പ്രധാന ജലവൈദ്യുതി ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്ന ഇടുക്കി ജില്ലയിൽ ഏകദേശം 56 ശതമാനം മഴക്കുറവ് അനുഭവപ്പെട്ടു. ഇതിന്റെ ഫലമായി പ്രതിദിന ജലവൈദ്യുതി ഉൽപ്പാദനം 41 ദശലക്ഷം യൂണിറ്റിൽ നിന്ന് ഏകദേശം 12 ദശലക്ഷം യൂണിറ്റായി കുറഞ്ഞു.

കൂടാതെ, എൽനിനോ ഉൾപ്പെടെയുള്ള പ്രതികൂല കാലാവസ്ഥാ സാഹചര്യങ്ങൾ മൂലം വിവിധ സംസ്ഥാനങ്ങളിൽ ഒരേ സമയം വൈദ്യുതി ആവശ്യകത വർധിച്ചതും ദേശീയ വൈദ്യുതി വിപണിയിൽ വൈദ്യുതിയുടെ ലഭ്യതയെ സാരമായി ബാധിച്ചു. ഡേ എഹെഡ് മാർക്കറ്റ്, റിയൽ ടൈം മാർക്കറ്റ് എന്നിവയിലൂടെ അധിക വൈദ്യുതി വാങ്ങാൻ കെ.എസ്.ഇ.ബി ലിമിറ്റഡ് നിരന്തരം ശ്രമിച്ചെങ്കിലും, നിർണായകമായ പീക്ക് സമയങ്ങളിൽ ആവശ്യമായ അളവിൽ വൈദ്യുതി ലഭ്യമായില്ല.

**(ബി)** കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഒപ്പുവെച്ച, കുറഞ്ഞവിലയ്ക്ക് ദീർഘകാലം വൈദ്യുതി ലഭ്യമാക്കുന്ന കരാർ മുൻ സർക്കാർ റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ അതാണോ പെട്ടെന്നുള്ള വൈദ്യുതി പ്രതിസന്ധിക്ക് കാരണമെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** താരതമ്യേന കുറഞ്ഞ നിരക്കിൽ ലഭ്യമായിരുന്ന 465 മെഗാവാട്ടിന്റെ DBFOO ദീർഘകാല വൈദ്യുതി കരാറുകൾ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 10.05.2023-ലെ ഉത്തരവ് പ്രകാരം റദ്ദാക്കിയിട്ടുണ്ട്. ഇതു മൂലം ഉണ്ടായ വൈദ്യുതിയുടെ കുറവ് പ്രതിസന്ധിയുടെ കാരണങ്ങളിൽപ്പെടുന്നു.

**(സി)** കാലാവസ്ഥാ വ്യതിയാനവും എൽനിനോ പ്രതിഭാസവും മുൻകൂട്ടി കണ്ടുകൊണ്ടും കൂടി വരുന്ന ഉപഭോഗം കണക്കിലെടുത്തും ദീർഘകാല പദ്ധതികളും കരാറുകളും നടപ്പിൽ വരുത്തുന്നതിൽ മുൻ സർക്കാരിന്റെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** 465 മെഗാവാട്ടിന്റെ ദീർഘകാല വൈദ്യുതി വാങ്ങൽ കരാർ റദ്ദാക്കിയതിനെത്തുടർന്ന്, പകരമായി ആവശ്യമായ പുതിയ ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകൾ നടപ്പിലാക്കാൻ കഴിയാത്തത് വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിൽ ഉണ്ടായ വീഴ്ചയാണ്. 2016–2026 കാലയളവിൽ സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതി ഉൽപ്പാദന ശേഷിയിൽ, വിവിധ ജലവൈദ്യുതി പദ്ധതികളിലൂടെ കേവലം 150.636 മെഗാവാട്ടിന്റെ വർധനവ് മാത്രമാണ് കൈവരിക്കാനായത്. ആഭ്യന്തര ഉൽപ്പാദന ശേഷിയിലെ ഈ പരിമിതമായ വർധനവും ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകളുടെ അഭാവവും സംസ്ഥാനത്തിന്റെ വൈദ്യുതി ലഭ്യതയും വിതരണ ആസൂത്രണവും സംബന്ധിച്ച പിഴവുകളാണ്.

**സെക്ഷൻ ഓഫീസർ**